ക്ഷയരോഗികളെ സംബന്ധിച്ച സർവ്വേ

926 [1468] ശ്രീ. പി. ആർ. ഫ്രാൻസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൽ ക്ഷയരോഗികളെ സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർ ക്ഷയരോഗബാധിതരായിട്ടുണ്ട്;

(സി) ക്ഷയരോഗികൾക്കുവേണ്ടി എത്ര സാനിട്ടോറിയങ്ങൾ ഉണ്ട്;

(ഡി) എത്ര ക്ലിനിക്കുകൾ ഉണ്ട്;

(ഇ) മൊത്തം എത്ര കിടക്കകൾ ഉണ്ട്;

(എഫ്) കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) ടി.ബി. സാനിട്ടോറിയങ്ങളിൽ കിടക്കുന്ന രോഗികൾക്കു കൊടുക്കുന്ന ആഹാരങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനാടിസ്ഥാനത്തിൽ സർവേ നടത്തിയിട്ടില്ല. 1955.56 കാലഘട്ടത്തിൽ ദേശീയ ക്ഷയരോഗ സർവേ നടത്തിയിട്ടുണ്ട്. അഞ്ചു യൂണിറ്റുകളാണ് സർവേ നടത്തിയത്. അതിൽ ഒരു യൂണിറ്റിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരുന്നു. ഈ യൂണിറ്റ് കേരളത്തിലെയും തമിഴ്നാട്ടിലെയും ചില ഭാഗങ്ങളിൽ സർവേ നടത്തിയിരുന്നു.

(ബി) കേരളത്തിൽ ഏതാണ്ട് മൂന്നുലക്ഷം ക്ഷയരോഗികൾ കാണുമെന്നു പ്രതീക്ഷിക്കുന്നു.

(സി) പരിയാരം, മുളംകുന്നത്തുകാവ്, പുലയനാർകോട്ട എന്നിവിടങ്ങളിലായി മൂന്നു ടി. ബി. സാനിട്ടോറിയങ്ങൾ ഉണ്ട്.

(ഡി) പതിനൊന്ന്.

കൊല്ലം	3
ആലപ്പുഴ	1
കോട്ടയം	1
എറണാകുളം	2
ഇടുക്കി	1
മലപ്പുറം	1
കണ്ണൂർ	1
കോഴിക്കോട്	1

(മൂന്നിസിപ്പൽ ടി.ബി. ക്ലിനിക്ക്)

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2202 കിടക്കകൾ

(എഫ്) തൽക്കാലം കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശമില്ല. ആധുനിക ക്ഷയരോഗ ചികിൽസാ സമ്പ്രദായത്തിൽ രോഗികളെ അവരവരുടെ വസതികളിൽ ചികിൽസിക്കുന്നത് സാനറ്റോറിയങ്ങളിൽ കിടത്തിയിട്ടുള്ള ചികിൽസയ്ക്കു തുല്യമായ ഫലം ഉളവാക്കുന്നതായി തെളിഞ്ഞിട്ടുണ്ട്.

(ജി) ഇപ്പോൾ കൊടുക്കുന്ന ക്ഷേണക്രമം ചുവടെ ചേർക്കുന്നു.

അരി	280	ഗ്രാം
ഗോതമ്പ്	60	,,
റൊട്ടി	100	,,
ചെറുപയർ	30	,,
പരിപ്പ്	30	,,
മലക്കറി	150	,,
തേങ്ങ	1/8	(ഒരെണ്ണം എട്ടു പേർക്ക്)
വെളിച്ചെണ്ണ	15	ഗ്രാം
ഉള്ളി	15	,,
പുളി	5	,,
കറിപൗഡർ	5	,,
പാൽ	300	മില്ലി ലിറ്റർ
പഞ്ചസാര	30	ഗ്രാം
പപ്പടം	2	എണ്ണം
കാപ്പി (ചായ) പൗഡർ	2	ഗ്രാം
ഉപ്പ്	15	,,
ഇറച്ചി	50	,, (ആഴ്ചയിൽ ഒരു ദിവസം)
മുട്ട	2	(കൂടാതെ ആഴ്ചയിൽ ഏതെങ്കിലും ഒരു ദിവസം ഒരു മുട്ട കൂടുതൽ)

LIBRARY ARCHIVES Kerala Legislative Assembly